64
5/11/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഡബ്ല്യു.പി(സി) നം.22843/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 29.08.2014 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 765/2014/സാനീവ                തീയതി, തിരുവനന്തപുരം, 23.12.2014

---

പരാമർശം:- 1) 01.06.2006 ലെ സ.ഉ(സാധാ)നം 237/2006/സാക്ഷേവ.
2) ശ്രീമതി ഉഷാകുമാരിയുടെ 29.08.2013 ലെ നിവേദനം
3) ഡബ്ല്യു.പി(സി) നം.22843/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 29.08.2014 ലെ വിധിന്യായം.
4) സാമൂഹ്യനീതി ഡയറക്ടറുടെ 12.12.2014 ലെ ഐസിഡിഎസ്/ബി4-21873/14 നമ്പർ കത്ത്.

## ഉത്തരവ്

അങ്കണവാടി ഹെൽപ്പറായി സ്ഥിര നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി.ഉഷാകുമാരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി)നം. 22843/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (3)-ലെ വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, പരാതിക്കാരിയെ നേരിൽ കേട്ടതിനുശേഷം, പരാതിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത ഡബ്ല്യു.പി(സി)യിലെ Ext P1 ഉം ആയ പരാമർശം (2)-ലെ നിവേദനത്തിന്മേൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത കേസിലെ പരാതിക്കാരിയായ ശ്രീമതി. ഉഷാകുമാരിയെ 20.12.2014 ൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2) അതിയന്നൂർ ഐസിഡിഎസ് പ്രോജക്ടിൻ കീഴിലുള്ള 80-ാം നമ്പർ അങ്കണവാടിയിൽ 2013 ഏപ്രിൽ മാസം മുതൽ ദിവസവേതനത്തിന് താല്ക്കാലികാടിസ്ഥാനത്തിൽ ഹെൽപ്പറായി ജോലി നോക്കിയിരുന്നതും നിലവിൽ പിരിച്ചുവിട്ടിരിക്കുന്നതുമായ ശ്രീമതി. ഉഷാകുമാരിയെ തുടർന്നും ടി അങ്കണവാടിയിൽ ജോലി ചെയ്യാൻ അനുവദിക്കണമെന്നാണ് പരാമർശം (2) ലെ നിവേദനത്തിൽ പരാതിക്കാരി അഭ്യർത്ഥിച്ചിട്ടുള്ളത്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ താൽക്കാലികമായി വർക്കർ/ഹെൽപ്പർമാരെ നിയോഗിക്കേണ്ടതാണെന്നും, താൽക്കാലികമായി നിയോഗിക്കുന്നവരുടെ സേവന കാലാവധി പരാമവധി 6 മാസം മാത്രമായിരിക്കുമെന്നും 6 മാസകാലയളവിലേയ്ക്ക് നിയോഗിച്ച ഒരു വ്യക്തിയെ തുടർന്ന് 6 മാസം ഇടവേള നൽകിയതിന് ശേഷം മാത്രമേ പുനർനിയോഗത്തിന് പരിഗണിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. 179 ദിവസത്തെ താല്ക്കാലിക സേവനം പൂർത്തിയാക്കിശേഷം പിരിച്ചുവിട്ട ശ്രീമതി. ഉഷാകുമാരിയെ പുനർ നിയമിക്കുന്നതിന്

വെൽഫെയർ കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും, സ്ഥിരനിയമനത്തിനായിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ ടിയാൾ ഉൾപ്പെട്ടിട്ടില്ലായെന്നും, 179 ദിവസം കഴിഞ്ഞ് സ്വയം പിരിഞ്ഞു പോകുമെന്നുമുള്ള സമ്മതപത്രം ടിയാൾ നൽകിയിട്ടുണ്ടെന്നും ഹിയറിംഗിൽ പങ്കെടുത്ത അതിയന്നൂർ (അഡീഷണൽ) ശിശുവികസന പദ്ധതി ഓഫീസർ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലികമായി അങ്കണവാടി വർക്കർ/ഹെൽപ്പർമാരെ നിയോഗിക്കുന്നതിനായുള്ള വെൽഫെയർ കമ്മിറ്റി ശ്രീമതി. ഉഷാകുമാരിയെ പുനർ നിയോഗിക്കുന്നതിന് ശുപാർശ ചെയ്യാത്ത സാഹചര്യത്തിൽ അതിയന്നൂർ അഡീഷണൽ അങ്കണവാടി നമ്പർ. 80 ൽ ഹെൽപ്പറായി തുടർന്നും ജോലി ചെയ്യുവാൻ അനുവദിക്കണമെന്ന ടിയാളുടെ അപേക്ഷ നിലവിലെ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കാനാവാത്തതിനാൽ നിരസിച്ചും, ഇപ്രകാരം ഡബ്ല്യു.പി.(സി) നം. 22843/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 29.08.2014 ലെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി. ഉഷാകുമാരി, മേലതാഴെക്കാട് കടയറ പുത്തൻവീട്, ഓലത്താന്നി,
നെയ്യാറ്റിൻകര.പി.ഒ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
✓വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ